## ഭൂതകാലപാരമ്പര്യം – സമീപനങ്ങൾ

കെ. ജി. പൗലോസ്

'വേദങ്ങളുടെ നാട്' എന്ന ലഘുഗ്രന്ഥത്തിലെ ആശയങ്ങൾ ഇ. എം. എസ്. ഉപസംഹരിക്കുന്നത് ഇങ്ങനെയാണ്.

'നമ്മുടെ ഭൂതകാലപാരമ്പര്യത്തിൽ നമുക്കഭിമാനിക്കാവുന്നതെന്നപോലെത്തന്നെ അല്ലാത്ത അംശങ്ങളുമുണ്ട്. രണ്ടാമത്തേതാണ് ഇന്ത്യ ബ്രിട്ടീഷ് മേധാവിത്വത്തിൻകീഴിലാകാനും ഒന്നരനൂറ്റാണ്ടോളം കാലം ആ മേധാവിത്വം തുടരാനും ഇടയാക്കിയത്; മേലിലും വിദേശീയമേധാവിത്വമടക്കം ലജ്ജാവഹമായ പലതും പേറാൻ നാം നിർബന്ധിക്കപ്പെടാതിരിക്കണമെങ്കിൽ നമ്മുടെ ഭൂതകാലപാരമ്പര്യത്തിലെ അഭിമാനിക്കാൻ വകയുള്ളവ ഉയർത്തിപ്പിടിക്കുമ്പോൾത്തന്നെ അല്ലാത്തവയ്ക്കെതിരായി ഉറച്ചുനിന്ന് പോരാടുകകൂടി ചെയ്യണം; എങ്കിൽ മാത്രമേ പൗരാണികഭാരതത്തിന് അന്നത്തെ ലോകത്തിലെന്നപോലെ ഇന്നത്തെ ഇന്ത്യയ്ക്ക് ആധുനികലോകത്തിൽ തലയുയർത്തിനിൽക്കാൻ കഴിയുകയുള്ളൂ. ഈ യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടല്ലാതെ ആവിഷ്ക്കരിക്കുന്ന ഒരു പരിപാടിയും ഇന്നത്തെ ഇന്ത്യയെ നേരിടുന്ന വിഷമപ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സഹായിക്കുകയില്ല'.

ദേവിപ്രസാദ് ചതോപാദ്ധ്യായ 'What is living and what is dead in Indian Philosophy' എന്ന ഗ്രന്ഥത്തിൽ ഇതേ ആശയം വ്യക്തമാക്കുന്നുണ്ട്. ഏതൊരു സമൂഹത്തിന്റെയും പൈതൃകത്തിൽ തള്ളേണ്ട കാര്യങ്ങളുണ്ടാവും, കൊള്ളേണ്ട കാര്യങ്ങളുണ്ടാകും. അവ ഏതെന്ന് തിരിച്ചറിയുകയാണ് പ്രധാനപ്പെട്ട കാര്യം.

ദീർഘകാലത്തെ ചരിത്രമുണ്ട് ഭാരതത്തിന്. 19–ാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇതുപതാംനാറ്റാണ്ടിന്റെ ആദ്യദശകങ്ങളിലും ഇന്ത്യയുടെ ചരിത്രമെഴുതിയ പാശ്ചാത്യപണ്ഡിതന്മാർ അന്വേഷണം ആരംഭിച്ചത് വൈദികകാലഘട്ടത്തിൽ നിന്നാണ്. എന്നാൽ പഞ്ചാബിലെ ഹാരപ്പയിലും സിന്ധിലെ മോഹൻജോദാരയിലും 1921 – മുതൽ നടന്ന ഉത്ഖനനങ്ങൾ ചരിത്രത്തെ മാറ്റിമറിച്ചു. പൊതുവർഷത്തിന് നാല് സഹസ്രാബ്ദം മുൻപ് മുതൽ 1750 വരെ തുടർന്ന സൈന്ധവനാഗരികതയുടെ വിശദാംശങ്ങൾ അതോടെ വെളിപ്പെട്ടു. പ്രാചീനനദീതടസംസ്കൃതികളിൽ ഏറ്റവും വ്യാപകമായത് സിന്ധുസംസ്കൃതിയാണ്. ഹാരപ്പൻ ലിപികൾ തിരിച്ചറിയാൻ നമുക്ക് കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ സംസ്കൃതിയുടെ ഉപജ്ഞാതാക്കൾ ആരാണെന്ന് ഇപ്പോൾ വ്യക്തമായിട്ടില്ല. ഈ ഘട്ടത്തിൽ വ്യക്തമായി നമുക്ക്

പറയാൻ കഴിയുന്നത് ഈ സംസ്കൃതിയുടെ തുടർച്ചയല്ല വൈദികസംസ്കൃതി എന്ന് മാത്ര മാണ്. ഈ നാഗരികത നഷ്ടപ്പെട്ടതെങ്ങനെ എന്ന കാര്യത്തിലും വ്യക്തത കൈവന്നിട്ടില്ല. സൈന്ധവസംസ്കാരത്തിന്റെ ക്ഷയകാലത്താണ് വൈദിക സംസ്കാരത്തിന്റെ സൂചനകൾ നമുക്ക് ലഭിക്കുന്നത്. അതിന് നമുക്ക് ആശ്രയിക്കാവുന്ന ആദ്യത്തെ തെളിവ് ഋഗ്വേദമാണ്.

വിന്ധ്യനും ഹിമവാനും ഇടയ്ക്കുള്ള, ഭാരതവർഷം ആര്യാവർത്തം എന്നൊക്കെ അറിയ പ്പെട്ടിരുന്ന, സിന്ധുഗംഗാസമതലത്തിലാണ്, വൈദിക ഋഷിമാർ വസിച്ചിരുന്നത്. ലളിതവും ശുദ്ധവുമായ പർണാശ്രമങ്ങളിൽ ഉടജത്തിന്റെ കെടാവിളക്കുകളായ പത്നിമാതൊടൊപ്പം പരമസാത്വികരായിട്ടാണ് അവർ ജീവിച്ചത്. വേദസംഹിതകൾ രചിച്ചതവരാണ്. ഋക്, യജുസ്, സാമം, അഥർവം എന്നിവയാണ് നാല് സംഹിതകൾ. ലളിതമായ ജീവിതദർശനവും ഉദാ ത്തമായ ആശയവുമാണ് ഈ സൂക്തങ്ങളിലുള്ളത്. യാജ്ഞികം, ദൈവതം, ആത്മീയം എന്ന് മൂന്ന് തരത്തിലുമുള്ള അർത്ഥങ്ങൾ വേദമന്ത്രങ്ങൾക്കുണ്ട്. പല സൂക്തങ്ങളുടേയും ആശയം ആധുനിക കാലത്ത് പ്രസക്തമാണ്. 'സംഗച്ഛധ്വം, സംവദധ്വം' എന്നു തുടങ്ങുന്ന ഋഗ്വേദ (8-8-49) ത്തിലെ ഐക്യമന്ത്രമെടുക്കുക.

> 'നിങ്ങൾ ഒന്നിച്ചു നടക്കുക, മനസ്സുകൾ ഏകരൂപങ്ങളാവട്ടെ. സ്തുതി ഏകവി ധമാകട്ടെ. നിങ്ങളുടെ ഐക്യത്തിനായി ഞാൻ മന്ത്രം ഉപാസിക്കുന്നു. അന്തഃ കരണം ശോഭനമാകട്ടെ'.

1984-ൽ ആണെന്ന് തോന്നുന്നു, ദൽഹിയിൽവെച്ച് ലോകരാഷ്ട്രങ്ങളുടെ ഉന്നതതലസമ്മേ ളനം നടന്നു. പനാമയുടെ പ്രതിനിധി ആയെത്തിയ വൈസ് പ്രസിഡന്റ് പ്രസംഗിച്ചത് ഈ മന്ത്രം ഉദ്ധരിച്ചുകൊണ്ടായിരുന്നു. പരസ്പരം പോരടിക്കുന്ന രാഷ്ട്രങ്ങളുടെ പൊതുവേദിയിൽ നൽകാൻ ഇതിൽപ്പരം സാർത്ഥകമായ ഒരു സന്ദേശമില്ലെന്ന് ലോകം മുഴുവനും തിരിച്ച റിഞ്ഞു.

വേദത്തിന്റെ സന്ദേശം എല്ലാക്കാലത്തേയ്ക്കുമാണ്, എല്ലാവർക്കുമാണ്. യജുർവേദം (26.2) പ്രഖ്യാപിക്കുന്നത് ശ്രദ്ധിക്കുക.

> 'സർവജനങ്ങളും മംഗളവാണിയായ വേദം ഉച്ചരിക്കട്ടെ. ബ്രഹ്മണനും ക്ഷത്രി യനും വൈശ്യനും ശുദ്രനും ഒരുപോലെ വേദം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യട്ടെ. സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ കിടക്കുന്നവൻപോലും ഈ മംഗളവചനം കേൾക്കട്ടെ'.

സമസ്ത ജീവജാലങ്ങളെയും ഒരുപോലെ കാണുന്ന തുറന്ന സമീപനമായിരുന്നു ഋഷി മാർക്ക്. പിൽക്കാലത്ത്, വേദത്തിന് രണ്ടുസരണികളുണ്ടായി – ജ്ഞാനമാർഗം, കർമ്മമാർഗം. ജ്ഞാനത്തിന്റെ പാരമ്യമാണ് ഉപനിഷത്തുകൾ, ചിന്തയുടെ ഹിമാലയം എന്നൊക്കെ ഉപ

നിഷത്തുക്കളെ വിശേഷിപ്പിക്കാറുണ്ട്. ലോകത്ത് ഇന്ത്യ ഇന്ന് മാനിക്കപ്പെടുന്നത് ഉപനിഷത്തുക്കളുടെ പേരിലാണ്. കർമ്മമാർഗം, യാഗാനുഷ്ഠാനുമാണ്. ഐഹികമായ ലാഭങ്ങൾക്ക് വേണ്ടി നുടത്തുന്ന ക്രിയകളാണ് ഇവ. വേദത്തിലെ വിശുദ്ധമായ ചിന്തകളെ ഹോമധൂമങ്ങൾകൊണ്ട് ഇരുണ്ടതാക്കിയത് യാഗകർമ്മങ്ങളാണ്. വേദത്തിലെ നിഷ്കളങ്കരായ ഋഷിമാർ യാഗശാലയിൽ പുരോഹിതന്മാരായി മാറുന്നു. ഋഷിപരമ്പര പുരോഹിതപരമ്പര ആയതോടെ ഭാരതത്തിന്റെ പിൽക്കാലം ഇരുൾ നിറഞ്ഞതായി.

ഇക്കാലത്താണ് ബൗദ്ധചിന്തകൾ വൈദികചിന്തകളെ എതിർക്കാൻ തുടങ്ങിയത്. യാഗത്തിലെ ഹിംസയായിരുന്നു എതിർപ്പിന്റെ മുഖ്യകാരണം. ബുദ്ധന്റെ കരുതലും കാരുണ്യവായ്പും അനേകം യാഗപശുക്കളെ യൂപത്തിൽ നിന്നു മുക്തരാക്കി. തുടർന്നുള്ള ഇന്ത്യയുടെ ചരിത്രം അനേകദശകങ്ങളിൽ ബ്രാഹ്മണരും ശ്രമണരും തമ്മിലുള്ള സംഘർഷങ്ങൾകൊണ്ടു നിറഞ്ഞതായിരുന്നു. ഇന്ത്യയുടെ ചരിത്രത്തിൽ നിർണായകമായൊരു മാറ്റത്തെ കുറിക്കുന്നു മൗര്യസാമ്രാജ്യത്തിന്റെ കാലം (ബി. സി. ഇ. 321 – 185). ചന്ദ്രഗുപ്തമൗര്യനാണ് മൗര്യസാമ്രാജ്യത്തിന്റെ സ്ഥാപകൻ. താഴ്ന്ന വിഭാഗത്തിൽപെട്ടവനായിരുന്നു അദ്ദേഹം. വൃഷളൻ എന്നാണ് യഥാസ്ഥിതികർ അദ്ദേഹത്തെ വിളിച്ചിരുന്നത്. 'വിശാഖദത്തം' എന്ന നാടകം അദ്ദേഹത്തിന്റെ സ്ഥാനാരോഹണത്തിന്റെ കഥപറയുന്നു. ബിന്ദുസാരനാണ് പിന്നീട് വന്നത്. അദ്ദേഹം ജൈനനായിരുന്നു. മൗര്യവംശത്തിൽ ഏറ്റവും പ്രശസ്തൻ അശോകനാണ്. അദ്ദേഹം ബൗദ്ധനായിരുന്നു. പൗരോഹിത്യത്തിന് അധികാരം നഷ്ടപ്പെട്ടകാലമായിരുന്നു മൗര്യസാമ്രാജ്യകാലം. നഷ്ടപ്പെട്ട അധികാരം പൗരോഹിത്യം തിരിച്ചെടുത്തത് ബ്രാഹ്മണനായ പുഷ്യമിത്രനിലൂടെ ആയിരുന്നു. കാളിദാസന്റെ മാളവികാഗ്നിമിത്രം നാടകത്തിൽ പുഷ്യമിത്രന്റെ കഥകൾ പറയുന്നുണ്ട്. അഗ്നിമിത്രന്റെ പിതാവായിരുന്നു പുഷ്യമിത്രൻ. മൗര്യസാമ്രാജ്യത്തിലെ അവസാനത്തെ ചക്രവർത്തിയായിരുന്ന ബൃഹദ്രഥന്റെ സേനാനായകനായിരുന്നു പുഷ്യമിത്രൻ. ഒരിക്കൽ രാജാവ് സേനാനിരീക്ഷണം നടത്തവേ സേനാനായകൻ അദ്ദേഹത്തെ ചതിയിൽ വധിച്ച് അധികാരം പിടിച്ചെടുത്തു. ഡോ. അംബേദ്കറുടെ അഭിപ്രായത്തിൽ മൗര്യഭരണത്തിന്റെ136 വർഷം മാത്രമേ ബ്രാഹ്മണേതരമായ ഒരു ഭരണം ഇന്ത്യയുടെ ചരിത്രത്തിൽ ഉണ്ടായിട്ടുള്ളൂ. അതെന്തായാലും പുഷ്യമിത്രൻ പൂർവാധികം ശക്തിയോടെ പുരോഹിതഭരണം പുനഃസ്ഥാപിച്ചു. നാടിന്റെ പലഭാഗത്തും അനേകം യാഗങ്ങൾ നടത്തി. ഇക്കാലത്ത് അധികാരികൾ ബുദ്ധമതക്കാരെ വേട്ടയാടി വിഹാരങ്ങൾ നശിപ്പിച്ചു എന്നാണ് ബുദ്ധമതഗ്രന്ഥങ്ങളിലെ വിവരണങ്ങൾ നൽകുന്ന സൂചന.

അധികാരനാശത്തിന്റെ വിപത്തറിഞ്ഞ പുരോഹിതർ കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കാൻ തുടങ്ങി. കർശനമായ നിയമങ്ങൾ എല്ലാ മേഖലയിലും അവർ നടപ്പാക്കി. വർണാശ്രമപരിപാലനം നിർബ്ബന്ധമാക്കി. ത്രൈവർണികരെ ശ്രേഷ്ഠരായി കണക്കാക്കുകയും ബാക്കിയുള്ളവരെ മ്ലേച്ഛരായി അകറ്റിനിർത്തുകയും ചെയ്തു. വർണസങ്കരം ഒഴിവാക്കാൻ സ്ത്രീകളെ കർശനമായി നിയന്ത്രിച്ചു. പെൺകുട്ടികൾക്ക് പന്ത്രണ്ട് വയസ്സിന് മുൻപ് വിവാഹം നിർബ്ബന്ധമാക്കി, ഉപനയനം നിഷേധിച്ചു, വിദ്യാഭ്യാസം വിലക്കി. വേദോപനി

ഷത്തുക്കളുടെ വിശാലലോകത്തിൽ നിന്ന് സ്മൃതിപുരാണങ്ങളുടെ അരുതായ്മകളുടെ ലോകത്തിലേയ്ക്കാണ് ഭാരതീയസമൂഹം കൂപ്പുകുത്തി വീണത്. എല്ലാവരും വേദത്തിലെ മംഗളവാക്കുകൾ കേൾക്കൂ എന്നാണ് വേദം ഉദ്ഘോഷിച്ചത്; എന്നാൽ കേൾക്കുന്നവന്റെ കാതിൽ ഈയ്യമുരുക്കി ഒഴിക്കൂ, ചൊല്ലുന്നവന്റെ നാവുകൾ മുറിക്കു എന്നാണ് പൗരോഹിത്യം കല്പിച്ചത്. നമുക്കൊന്നിച്ച് നീങ്ങാം എന്ന് വേദം വിളിച്ചപ്പോൾ, 64 അടി നീങ്ങി നിൽക്കൂ, കണ്ണിൽപ്പെടാതെ മാറിനിൽക്കൂ എന്നാണ് പൗരോഹിത്യം അയിത്തം നിശ്ചയിച്ചത്. ഒന്നും രണ്ടും ഘട്ടങ്ങളിൽ പ്രകടമായ ചിന്തയുടെ ഈ വൈരുദ്ധ്യത്തെ തിരിച്ചറിയാതെ ഭാരതീയചിന്തകളെ വിശകലനം ചെയ്യാൻ നമുക്കാവില്ല. വൈദികാലത്തിന്റെ നന്മകളുടെ എല്ലാം തിരസ്കാരമായിരുന്നു സ്മൃതികളുടെ കാലത്ത് നടപ്പിലായത്.

ഒന്നായ സമൂഹത്തെ പല അടരുകളാക്കി എന്നതാണ് ഈ കാലഘട്ടത്തിലെ ഏറ്റവും അപകടകരമായ കാര്യം. ഈ ശ്രേണിയിൽ ഒരുവന്റെ സ്ഥാനം നിർണയിക്കുന്നത് ജാതിയാണ്, ജാതി ബന്ധപ്പെട്ടിരിക്കുന്നത് പ്രവൃത്തിയോടും. ഓരോരുത്തർക്കുമുള്ള പ്രവൃത്തി നിയതമാണ്; അതുചെയ്തേ പറ്റൂ; മറ്റൊന്നും ചെയ്യാനും പാടില്ല. ഓരോ അടരിനുള്ളിൽ കഷ്ടി ചലിക്കാം, മുകളിലേയ്ക്കോ, താഴേയ്ക്കോ ചലിക്കാൻ സാദ്ധ്യമല്ല, ജാതി നിർണയിക്കുന്നത് ജന്മം കൊണ്ടാണുതാനും. ഇവിടെയാണ് കർമ്മസിദ്ധാന്തത്തിന്റെ നിർണ്ണായകമായ സ്വാധീനം അനുഭവപ്പെടുന്നത്. എന്തുകൊണ്ട് ഒരുവൻ കഷ്ടപ്പെടുന്നു? കാരണം, മുജ്ജന്മത്തിലെ പാപം. പരിഹാരമോ? ഈ ജന്മത്തിൽ വിധിച്ചത് തെറ്റാതെ ചെയ്യുക. തലയിൽ തപ്പി തലവരയുടെ വളവുനോക്കി കാലം കഴിക്കുക. ഇത്തരമൊരു സംവിധാനത്തിൽ വ്യക്തിയും സമൂഹവും അനുഭവിക്കുന്നത് മരവിപ്പ് മാത്രമായിരിക്കും.

ഘനംവെച്ച ഈ ഘടനയ്ക്കൊരു ചലനം വെച്ചത് മൂന്നാം ഘട്ടത്തിലാണ്. വിദേശികളുടെ സമ്പർക്കമായിരുന്നു അത്. ഈസ്റ്റിന്ത്യാകമ്പനി കച്ചവടത്തിനായിട്ടാണ് ഇന്ത്യയിലെത്തിയതെങ്കിലും, ഇവിടത്തെ വൈജ്ഞാനികസമ്പത്തിൽ അവർക്ക് താത്പര്യമുണ്ടായിരുന്നു. അങ്ങനെയാണ് അവർ പ്രാചീനഗ്രന്ഥങ്ങൾ തേടിപ്പിടിച്ച് ഭാഷാന്തരം ചെയ്ത് ലോകം മുഴുവൻ പ്രചരിപ്പിച്ചത്. വിദേശികളിൽ രണ്ടുതരക്കാരുണ്ടായിരുന്നു. കമ്പനി ഉദ്യോഗസ്ഥന്മാരായി വന്നവർക്കും ജർമ്മൻ പണ്ഡിതന്മാർക്കും അക്കാദമിക താത്പര്യം മാത്രമാണുണ്ടായിരുന്നത്. എന്നാൽ ജെയിംസ് മില്ലറിന് ശേഷമുള്ള കൊളോണിയൽ പണ്ഡിതന്മാർക്ക് ഇന്ത്യയുടെ സംഭാവനകളെ അംഗീകരിക്കുന്നതിൽ തുറന്ന മനസ്സ് ഉണ്ടായിരുന്നില്ല. ഏതായാലും 18, 19 നൂറ്റാണ്ടുകളിൽ ഭാരതീയ വിജ്ഞാനരംഗത്ത് ഒരു മഹാസ്ഫോടനംതന്നെ ഉണ്ടായി. ഏതാനും ശാസ്ത്രിമാർ താളിയോലകളിൽ പൊതിഞ്ഞ് പുറത്തെടുക്കാതെ ഗോപ്യമായി സൂക്ഷിച്ചിരുന്ന ഭാരതീയ വിജ്ഞാനശേഖരം ലോകത്തിന്റെ എല്ലാഭാഗങ്ങളിലും ആദരപൂർവമായ പഠനത്തിന് വിധേയമായി. പാശ്ചാത്യപണ്ഡിതന്മാർ ഇവ്വണ്ണം ഉഴുതിളക്കിപാകമാക്കിയ മണ്ണിലാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനദശകത്തിൽ സ്വാമി വിവേകാനന്ദൻ വിത്തിറക്കിയത്. ചിക്കാഗോയിലെ സമ്മേളനത്തിൽ 'സഹോദരീസഹോദരന്മാരേ' എന്ന ആദ്യസംബോധനയിൽത്തന്നെ അത് നൂറുമേനി വിളഞ്ഞു.

മതത്തോട് ബന്ധപ്പെടുത്തി ഹിന്ദു എന്നപദം നാം ആദ്യമായി കേൾക്കുന്നതിവിടെയാണ്. പ്രാചീനസംസ്കൃതഗ്രന്ഥങ്ങളിലൊരിടത്തും ഹിന്ദു എന്ന പദമില്ല, കാരണം അത് സംസ്കൃതവാക്കല്ല. സപ്തസിന്ധുക്കളുടെ നാടാണ് വിദേശീയർക്ക് ഭാരതം. സിന്ധു എന്നതാണ് ഇംഗ്ലീഷിൽ ഹിന്ദുവായത്. സ, ഹ എന്നീ അക്ഷരങ്ങൾ പരസ്പരം മാറും. സെന്റ് അവസ്തയിൽ അഹുര എന്നത് സംസ്കൃതത്തിൽ അസുര എന്നാകും. സിന്ധുദേശത്തെ കലയെയും ശാസ്ത്രത്തേയും ഒക്കെ കുറിക്കുവാൻ അവർ ആ സ്ഥലനാമം ഉപയോഗിച്ചു. Greek Astronomy പോലെ Hindu Astronomy, Hindu Mathematics, Hindu Culture എന്നിങ്ങനെ. സിന്ധുദേശത്തെ ജ്യോതിശ്ശാസ്ത്രം, ഗണിതം, സംസ്കാരം എന്നൊക്കെയാണർത്ഥം. അവർക്കു പരിചയമുള്ള യവന ശാസ്ത്രങ്ങളിൽ നിന്ന് വേർതിരിവ് കാണിക്കാനാണ് ഇങ്ങനെ ചെയ്തത്. മതം എന്ന അർത്ഥത്തിൽ ഹിന്ദു എന്ന പദം ഉപയോഗിച്ചത് സ്വാമി വിവേകാനന്ദനാണ്. വൈദികധർമ്മത്തെയാണ് സ്വാമിജി ഉദ്ദേശിച്ചത് Hindu എന്ന ഇംഗ്ലീഷ് പദത്തോട് ism എന്ന പ്രത്യയം ചേർത്താണ് അദ്ദേഹം Hinduism എന്ന പദം നിർമ്മിച്ചത്.

സ്വാമിജിയുടെ ആ പ്രയോഗത്തിന് ശേഷം മൂന്നുദശകത്തിനുള്ളിൽ മറ്റൊരു പദം പ്രചാരത്തിൽ വന്നു. Hindu എന്ന വാക്കിനോട് ത്വം എന്ന സംസ്കൃതപ്രത്യയം ചേർത്തതായിരുന്നു അത് - ഹിന്ദുത്വം.

സ്വാമിജി ഉപയോഗിച്ചതിൽ നിന്ന് നേർവിപരീതമായ അർത്ഥത്തിലാണ് ഈ പുതിയ പദം പ്രയോഗിക്കപ്പെട്ടത്. ഭാരതത്തിന്റെ സംസ്കാരം എല്ലാറ്റിനേയും ഉൾക്കൊള്ളാനാവുന്ന വിധത്തിൽ inclusive ആണ് എന്നാണ് സ്വാമിജി പ്രഖ്യാപിച്ചത്. സംസ്കൃതഭാഷയിൽ exclusive എന്നതിനെ പരിഭാഷപ്പെടുത്താൻ പറ്റിയപദമില്ലെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. സനാതനപാത ഒരുക്കിയ വൈദികകാലത്തെ ഋഷികളുടെ ദർശനമാണ് സ്വാമിജി പ്രഖ്യാപിച്ചത്. ഇസ്ലാം, ക്രിസ്ത്യൻ തുടങ്ങിയ മറ്റ് മതങ്ങളുടെ ദർശനങ്ങളെ വളരെ ആദരവോടെ സ്വാമിജി തന്റെ പ്രഭാഷണങ്ങളിൽ പരാമർശിച്ചു. ഇത്തരത്തിൽ സർവ്വാശ്ലേഷിയായ ഒരു ചിന്താധാരയെ പ്രതിനിധാനം ചെയ്താണ് താനിവിടെ എത്തിയതെന്ന് വളരെ അഭിമാനത്തോടെ സ്വാമിജി അവകാശപ്പെട്ടു. ബഹുസ്വരത, സർവ്വമതസമാദരണം ഒക്കെയാണ് ഭാരതത്തിന്റെ നേട്ടങ്ങളായി സ്വാമി വിവേകാനന്ദൻ തന്റെ പ്രഭാഷണങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും ഉയർത്തിപ്പിടിച്ചത്. ഗോരക്ഷയ്ക്ക് സഹായം തേടിവന്നവരോട് പെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിച്ചവർക്ക് എന്തു സഹായം ചെയ്തു എന്ന് പരിഹസിച്ച് ചോദിക്കുകയാണ് അദ്ദേഹം ചെയ്തത്.

ഇതിൽ നിന്ന് ഭിന്നമായി കൃത്രിമമായി അപരന്മാരെ സൃഷ്ടിച്ച് അവരെ അകറ്റി നിർത്തുന്നതാണ് ഹിന്ദുത്വത്തിന്റെ തത്ത്വശാസ്ത്രം. സ്വാമിജി നിർവചിച്ച ഹിന്ദുയിസത്തോട് ഒരു തരത്തിലും ഇതിന് ബന്ധമില്ല. ചരിത്രത്തെ വിഭാഗീയമായി വക്രീകരിച്ചാണ് ഈ ചിന്താധാര മുന്നേറുന്നത്. സിന്ധുനദീതടസംസ്കാരത്തെ സരസ്വതീസംസ്കാരമായി പുനർനാമകരണം ചെയ്യുന്നു. ലോകത്തിലെ ഏഴ് അദ്ഭുതങ്ങളിലൊന്നായ, ഭാരതത്തിന്റെ അഭിമാനമായ

താജ്മഹൽ കണ്ണിലെ കരടാകുന്നു. ഇതരാഭിപ്രായങ്ങളോട് പുലർത്തുന്ന അസഹിഷ്ണുതായാണ് ഏറ്റവും നിന്ദ്യമായത്. മഹാഭാരതത്തിൽ വിജയശ്രീലാളിതനായ ധർമ്മപുത്രർ തന്റെ വിജയം ആഘോഷിക്കാൻ അനേകം സ്വർണ്ണം ബ്രാഹ്മണർമാർക്ക് ദാനം ചെയ്യുന്നു. ലോകായതികനായ ഒരു പണ്ഡിതൻ ഇതിനെ ചോദ്യം ചെയ്തു. ബന്ധുക്കളേയും സുഹൃത്തുക്കളേയും കൊന്നൊടുക്കി നേടിയ വിജയത്തിൽ ആഹ്ലാദിക്കാൻ എന്തിരിക്കുന്നു എന്നായിരുന്നു പണ്ഡിതന്റെ ചോദ്യം. സ്തുതിപാഠകർ ആ ചാർവ്വാകനെ തച്ചുകൊന്നു. ധർമ്മപുത്രരെ ധരിപ്പിച്ചു. 'വേഷം മാറി വന്ന രാക്ഷസനാണ് ഇയാൾ'. പൗരോഹിത്യത്തിന്റെ ഇതേ അസഹിഷ്ണുതയുടെ തുടർച്ചയാണ് ഗോവിന്ദ്പസാരെയേയും ഗൗരിലങ്കേഷിനേയുമൊക്കെ വെടിവെച്ചവരുടെ പ്രവൃത്തികളിലൂള്ളത്. അഹിംസയാണ് സനാതനധർമ്മം, അസഹിഷ്ണുത ആസുരമാണ്, ഭാരതീയ സംസ്കാരത്തിന്റെ മുദ്ര അതല്ല.

ഭൂതകാലത്തോട് നമുക്കുള്ള സമീപനം മൂന്നു തരത്തിലാകാം. അപ്പാടെ തള്ളുക, അപ്പാടെ സ്വീകരിക്കുക. ഇത് രണ്ടും ശരിയല്ല. മൂന്നാമതൊന്നാണ് വേണ്ടത് – വിമർശനാത്മകമായി പഠിച്ച് പ്രസക്തമായവ സ്വീകരിക്കുക, അല്ലാത്തവ നിഷ്കരുണം തള്ളുക. അതാണ് ഇപ്പോൾ പ്രസക്തമായത്.

– o –

കെ.ജി. പൗലോസ്, മനുസ്മൃതി, താമരക്കുളങ്ങര, തൃപ്പൂണിത്തുറ – 682 301, ഫോൺ: 9846041205, E-mail: kgpaulose@gmail.com, www.kgpaulose@info.com.